ഖുത്വ്ബ നമ്പർ

**34**

**23-08-2013**

بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایده الله تعالیٰ بنصره العزیز

**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ**

# യു.കെ ജൽസ: 2013
# ആതിഥ്യം വിശ്വാസത്തിന്റെ ലക്ഷണം

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അടുത്ത വെള്ളിയാഴ്ച്ച മുതൽ യു.കെ ജൽസ തുടങ്ങുകയാണ്. ജൽസ തുടങ്ങുന്നതിനു ദിവസങ്ങൾക്കു മുമ്പേ ജൽസയുടെ ജോലികൾ തുടങ്ങുന്നു. യു.കെ വാർഷിക ജൽസയിൽ താത്കാലിക ഒരുക്കങ്ങൾ നടത്തി കുറച്ചു ദിവസത്തേക്ക് ഒരു താത്കാലിക പട്ടണം തന്നെ ഇവിടെ ഉണ്ടാക്കുന്നു. പാക്കിസ്ഥാനിൽ ജൽസകൾ നടക്കാറുണ്ടായിരുന്നു. അവിടെ ലങ്കർ ഖാനയുടെ (പാചക ശാലകളുടെ) സ്ഥിരമായ ഒരു സംവിധാനം ഉണ്ടായിരുന്നു. എത്രയോ ലങ്കറുകൾ ഉണ്ടായിരുന്നു. ഇതേ പോലെ താമസ സൗകര്യങ്ങളും കുറേ ഉണ്ടായിരുന്നു. സ്കൂളുകളും കോളേജുകളും ജമാഅത്തിന്റെതായിരുന്ന കാലത്ത് അവയെല്ലാം താമസത്തിനായി ഉപയോഗിച്ചിരുന്നു. എന്നാൽ അതെല്ലാം ഗവൺമെന്റ് പിടിച്ചെടുത്തപ്പോൾ മറ്റു താമസസൗകര്യങ്ങൾ ഒരുക്കുകയുണ്ടായി. ആളുകളുടെ എണ്ണം വളരെ കൂടുതലായതു കാരണം തമ്പുകൾ കെട്ടി താത്കാലിക താമസ സൗകര്യങ്ങളും ഒരുക്കിയിരുന്നു. ഇതു കൂടാതെ റബ്വ നിവാസികളും വലിയ വിഭാഗം അതിഥികളെ തങ്ങളുടെ വീടുകളിൽ താമസിപ്പിക്കുമായിരുന്നു. അവർക്കുള്ള ഭക്ഷണവും മറ്റും ലങ്കർഖാനയിൽ നിന്നും വരുമായിരുന്നു. ഏതായിരുന്നാലും റബ്വ ജൽസക്ക് വേണ്ടി സ്ഥിരമായ ചില സംവിധാനങ്ങൾ ഉണ്ടായിരുന്നു. ദീർഘകാലത്തെ അനുഭവവും സ്ഥിരമായ സംവിധാനവും ഉള്ളതു കാരണം റബ്വ നിവാസികൾ എല്ലാം ജൽസ നടത്താൻ പ്രാപ്തി കൈവരിച്ചിരുന്നു. അല്ലാഹു ഈ ആവേശവും, തർബിയ്യത്തിന്റെ അന്തരീക്ഷവും, സേവന താത്പര്യവും വീണ്ടും അവരുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റട്ടെ.

ഇതേ രീതിയിൽ ഖാദിയാനിലും കുറേ സ്ഥിരം സംവിധാനം ഇപ്പോൾ ആയിക്കഴിഞ്ഞിട്ടുണ്ട്. താത്കാലികമായി ഇപ്പോൾ ജൽസാ നഗരിയാണ് ഒരുക്കേണ്ടി വരാറുള്ളത്. ലങ്കർ ഖാനക്ക് വേണ്ടി അമുസ്ലീംകളിൽ നിന്ന് തൊഴിലാളികളെയും പാചകക്കാരെയും കൊണ്ടുവരേണ്ടതായി വരുന്നു. ഭക്ഷണം പാചകം ചെയ്യാനും റൊട്ടി ചുടുവാനും എല്ലാം പുറമെ നിന്ന് ആളുകളെ കൊണ്ടുവരുന്നു. എന്നാലും പാചകശാലയുടെ സ്ഥിരം സംവിധാനം അവിടെയുമുണ്ട്.

ഇതേ പോലെ ജർമ്മനിയിൽ അവർക്ക് ഹാൾ കിട്ടുന്നതു കൊണ്ട് സ്ഥിരമായ സംവിധാനം ഉണ്ട്. ഭക്ഷണം പാചകം ചെയ്യാനുള്ള സംവിധാനം അവർക്ക് താത്കാലികമായി ഒരുക്കേണ്ടതായിവരുന്നു. റൊട്ടി അങ്ങാടിയിൽ നിന്നും വാങ്ങുന്നു. അതിനെ ഫ്രഷ് റൊട്ടിയാണെന്ന് കരുതി അവർ കഴിക്കുന്നു. എനിക്ക് തോന്നുന്നത് അത് ഒരാഴ്ച്ച പഴക്കമുള്ളതായിരിക്കുമെന്നാണ്. ഇനി അങ്ങനെയല്ലെങ്കിൽ ജർമ്മനിക്കാർ സന്ദേശം എത്തിക്കുന്നതിൽ അഗ്രഗണ്യരാണ്. വൈകുന്നേരത്തേക്ക് അവർ എനിക്ക് അതിന്റെ റിപ്പോർട്ട് എത്തിക്കുന്നതായിരിക്കും. ഇതേ പോലെ ലോകത്ത് പല സ്ഥലങ്ങളിലും ജൽസകൾ നടക്കുന്നു.

എന്നാൽ ബ്രിട്ടൻ ജൽസ ഖിലാഫത്ത് ഇവിടെ ഉള്ളത് കാരണം ഇന്റർനാഷണൽ ജൽസയായി മാറിക്കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ വർഷം വരെ, ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള എല്ലാ സംവിധാനങ്ങളും താത്കാലികമായി ഒരുക്കുകയായിരുന്നു. ആദ്യം ഇസ്ലാമാബാദിലാണ് ജൽസ നടന്നിരുന്നത്. അവിടെ ഭക്ഷണം പാചകം ചെയ്യാനായി സ്ഥിരം സംവിധാനം ഉണ്ടായിരുന്നു. ഇതേ പോലെ റൊട്ടിയും അവിടെയുള്ള മെഷീനിൽ ഉണ്ടാക്കിയിരിന്നു. എന്നാൽ ഹദീഖത്തുൽ മഹ്ദിയിൽ ജൽസ തുടങ്ങിയ നാൾ മുതൽ കഴിഞ്ഞ രണ്ട് മൂന്ന് വർഷമായി ഭക്ഷണം വരെ ഇവിടെ താത്കാലിക ലങ്കറിലാണ് പാചകം ചെയ്തിരുന്നത്. ഇസ്ലാമാബാദിൽ നിന്നും ഭക്ഷണം കൊണ്ടുവരുന്നതിൽ വളരെ പ്രയാസം നേരിട്ടതായാണ് അനുഭവത്തിൽ നിന്നും മനസ്സിലായത്. റൊട്ടി ഇസ്ലാമാബാദിൽ ഉണ്ടാക്കിയിരുന്നു. കുറച്ച് അങ്ങാടിയിൽ നിന്നും വാങ്ങുകയാണ് ചെയ്തിരുന്നത്. ഏതായിരുന്നാലും ഇക്കാര്യത്തിൽ വലിയ പ്രയാസം നേരിട്ടിരുന്നു എന്നതാണ് വാസ്തവം. അതിനാൽ ഇവിടെ ഹദീഖത്തുൽ മഹ്ദിയിൽ സ്ഥിരമായി പാചക ശാല ഉണ്ടാക്കുവാനുള്ള അനുവാദം ലഭിക്കുന്നതിനായി കൗൺസിലുമായി നാം ബന്ധപ്പെട്ടുകൊണ്ടിരിന്നു. കാരണം താത്കാലിക പന്തലിൽ പാചകശാല ഉണ്ടാകുന്നത് പ്രയാസമാണെന്ന് മാത്രമല്ല അപകടകരം കൂടിയാണ്. ഏതായിരുന്നാലും കൗൺസിൽ ഈ വർഷം ദയ കാണിക്കുകയും സ്ഥിരമായി പാചകശാല ഉണ്ടാക്കുവാനുള്ള അനുവാദം നൽകുകയും ചെയ്തു. സ്റ്റോറേജിന് വേണ്ടി ഉണ്ടാക്കിയിരുന്ന ഷെഡുകളിൽ വലിപ്പമുള്ള ഷഡിനെ അകവും പുറവും എല്ലാം ശരിപ്പെടുത്തിക്കൊണ്ട് സ്ഥിരം പാചകശാലയാക്കി മാറ്റുകയുണ്ടായി. اِنْ شَآءَ اللّٰہ നമ്മുടെ ആവശ്യത്തിന് വേണ്ട ഭക്ഷണം അവിടെ നിർമ്മിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിനുശേഷം നമ്മുടെ മുമ്പാകെ വന്ന പ്രശ്നം റൊട്ടി എങ്ങനെ ഉണ്ടാക്കാം എന്നതാണ്. ഇതിനെ കുറിച്ച് പറഞ്ഞ

പ്പോൾ ഇവിടെയുള്ള സംഘാടകരും അമീർ സാഹിബും പ്രോഗ്രാം ചെയ്തിരുന്നത് അങ്ങാടിയിൽ നിന്ന് വാങ്ങാം എന്നതായിരുന്നു. അതല്ലെങ്കിൽ ഇസ്‌ലാമാബാദിൽ നിന്നും ഉണ്ടാക്കികൊണ്ടുവരാം എന്നായിരുന്നു. ഞാൻ അവരോട് പുതിയ റൊട്ടി മെഷീൻ സ്ഥാപിക്കാൻ പറഞ്ഞു. അതിന്റെ ചെലവ് ഓർത്തപ്പോൾ അവർ മടിച്ചു. അപ്പോൾ ഞാൻ പറഞ്ഞു; കേന്ദ്രം നിങ്ങൾക്ക് കടം തരാം. അപ്പോൾ അവർക്ക് അൽപം അഭിമാനക്ഷയം നേരിട്ടതുപോലെ തോന്നി. അങ്ങനെ അവർ സ്വയം ചെലവഴിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലബനാനിൽ നിന്നും റൊട്ടി പ്ലാന്റ് വരുത്തിച്ചു. പാക്കിസ്ഥാനിലെ നമ്മുടെ ഒരു മുഖ്‌ലിസായ അഹ്മദി സുഹൃത്ത് ലബനാനിൽ പോയി ഈ മെഷീൻ വാങ്ങുകയും ഇവിടെ കൊണ്ടുവന്ന് സ്ഥാപിക്കുകയും ചെയ്തു. ഇപ്പോഴും ഇതിനായി അദ്ദേഹം സമയം നൽകുന്നുണ്ട്. ഇദ്ദേഹത്തിന് ഖാദിയാനിലും റബ്‌വയിലും റൊട്ടി പ്ലാന്റ് സ്ഥാപിച്ച അനുഭവമുണ്ടായിരുന്നു. അതിനാൽ ഭംഗിയായി ഈ പ്രവർത്തി നടന്നു. ഇപ്പോൾ പാചകം ചെയ്യുന്ന കാര്യത്തിലും റൊട്ടി തയ്യാറാക്കുന്ന കാര്യത്തിലും ഹദീഖത്തുൽ മഹ്ദിയിൽ സ്ഥിരം സംവിധാനം നിലവിൽ വന്നു കഴിഞ്ഞിരിക്കുന്നു. ഏതായിരുന്നാലും ഞങ്ങൾ കൗൺസിലിനും നന്ദി രേഖപ്പെടുത്തുന്നു. അല്ലാഹു അവർക്കും പ്രതിഫലം നൽകുമാറാകട്ടെ. അവരാണ് ഇതിനുള്ള അനുവാദം നൽകിയിരിക്കുന്നത്.

ഏന്തുതന്നെയായിരുന്നാലും മുപ്പതിനായിരം വരുന്ന ആളുകളെ ഉൾക്കൊള്ളാൻ വേണ്ടി വിവിധങ്ങളായ താത്കാലിക സംവിധാനങ്ങൾ ഇപ്പോഴും ജൽസക്ക് വേണ്ടി ചെയ്യേണ്ടി വരുന്നു എന്നത് ഇവിടത്തെ ജൽസയുടെ വ്യതിരിക്തത തന്നെയാണ്. പ്രത്യേകിച്ച് മഴ പെയ്താൽ താമസത്തിലും വഴിയിലും തടസ്സങ്ങൾ ഉണ്ടാകുന്നു. വഴിയുടെ പ്രയാസം ഒരു പരിധി വരെ ട്രാക്ക് വിരിച്ച് നമ്മൾ ദുരീകരിക്കാൻ ശ്രമിക്കുന്നു. എന്നാൽ താമസത്തിനായി ഉണ്ടാക്കുന്ന താത്കാലിക തമ്പുകളും ചെറിയ പന്തലുകളും ഭക്ഷണം വിളമ്പുന്ന പന്തലുകളും അതേ പോലുള്ള മറ്റു പ്രശ്നങ്ങളും ഇപ്പോഴും നിലനിൽക്കുന്നു. اِنْ شَآءَ اللّٰہ ഈ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്ന ഒരു ഘട്ടം വരുന്നതാണ്. ഈ താത്കാലിക പട്ടണം തന്നെ ഒരു വേള അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥായിയായ പട്ടണമായി മാറുന്ന ദിനങ്ങളും വിദൂരമാകില്ല.

ഞാൻ പറഞ്ഞതുപോലെ ഒരു പട്ടണത്തിന് രൂപം നൽകാനുള്ള താത്കാലിക സംവിധാനത്തിലെ കുറേ ജോലികൾ വഖാറെ അമൽ മുഖേന വളണ്ടിയർമാരാണ് ചെയ്യുന്നത്. ഖുദ്ദാമും അൻസാറിലുള്ള ആരോഗ്യമുള്ള ചിലരുമാണ് ഇത് ചെയ്യുന്നത്. കഴിഞ്ഞ വെള്ളിയാഴ്ച്ച യാദൃശ്ചികമായി ഞാൻ ഹദീഖത്തുൽ മഹ്ദി സന്ദർശിച്ചു. റൊട്ടി പ്ലാന്റ് സ്ഥാപിച്ചതിനു ശേഷം അതിന്റെ പ്രവർത്തനം വീക്ഷിക്കുന്നതിനായി അവിടെ കൂടിയിരുന്നവർ കൂടാതെ യുവാക്കളും കുട്ടികളും മുതിർന്നവരും അവരവരുടെ ജോലിക്കായി അവിടെ എത്തിയിരുന്നു. ജൽസ സംവിധാനങ്ങളെ രണ്ട് മൂന്ന് ആഴ്ചകൾക്കു മുമ്പേ തന്നെ ഭംഗിയായി നിർവ്വഹിക്കുന്നതിനായി അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുകയായിരുന്നു.

ഇവിടെ ഒരു കാര്യം പറയേണ്ടത്. റൊട്ടി പ്ലാന്റ് സ്ഥാപിച്ചത് പുറമേയുള്ള കമ്പനിയൊന്നുമല്ല. മറിച്ച് അതിന്റെ എല്ലാ ജോലിയും നമ്മുടെ വളണ്ടിയർമാരും, നമ്മുടെ എഞ്ചിനിയർമാരും, ടെക്നീഷ്യന്മാരും മറ്റു ജോലിക്കാരുമാണ് ചെയ്തത്. അല്ലാഹു അവർക്കെല്ലാവർക്കും പ്രതിഫലം നൽകട്ടെ.

ഇവിടത്തെ ഓരോന്നിന്റെയും നിലവാരം അതേ പോലെ നിലനിർത്തേണ്ടത് അനിവാര്യമാണ്. ഇന്ത്യയിലും പാക്കിസ്ഥാനിലുമുള്ളതുപോലെ തോന്നുന്നതു പോലെ ചെയ്യാൻ പറ്റില്ല. അവിടെ പരിശോധനയൊന്നുമുണ്ടാകില്ല. എല്ലാം താത്കാലിക പണിയായിരിക്കും. വയറുകൾ അവിടെയും ഇവിടെയും തൂങ്ങിക്കിടക്കുന്നുണ്ടാകും. ഇവിടെ ഓരോ ഘട്ടത്തിലും ചെക്കിങ്ങ് നടക്കും. ഗവൺമെന്റിന്റെ ഉദ്യോഗസ്ഥർ വന്ന് നോക്കും എന്നിട്ട് അതിന് അനുമതി നൽകും. എന്നിട്ടേ അടുത്ത ജോലി ചെയ്യാൻ പറ്റുകയുള്ളൂ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ റൊട്ടി പ്ലാന്റിന്റെയും പാചകശാലയുടെയും നിബന്ധനകളെല്ലാം നമുക്ക് പാലിക്കാൻ കഴിഞ്ഞു. അതുകൊണ്ട് അനുവാദവും ലഭിച്ചു.

ചുരുക്കത്തിൽ ഇവിടെയുള്ള താത്കാലിക സംവിധാനം കാരണം മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് ഇവിടെ കൂടുതൽ അധ്വാനിക്കേണ്ടിവരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടത്തെ അഹ്മദി വളണ്ടിയർമാർ വളരെ ആവേശത്തോടും താത്പര്യത്തോടും കൂടിയാണ് ഈ പ്രവർത്തികളെല്ലാം ചെയ്യുന്നത്. ജമാഅത്തിന് വേണ്ടി സമയം നൽകുക എന്ന വികാരം അഹ്മദികളുടെ പ്രത്യേക അടയാളമായിത്തീർന്നിരിക്കുന്നു. ഓരോ കാര്യത്തിലും അഹ്മദികൾ തങ്ങളുടെ ത്യാഗങ്ങൾ സമർപ്പിക്കുന്നു എഞ്ചിനീയർസ് അസോസിയേഷൻ അവരുടേതായ പ്രവർത്തി ചെയ്യുന്നു. ഡോക്ടേർസ് അസോസിയേഷൻ അവരുടേതായ ജോലി ചെയ്യുന്നു. മറ്റു വകുപ്പിലുള്ളവർ അവരുടെ ജോലികൾ ചെയ്യുന്നു. ജൽസയിലുള്ള ജോലികൾക്ക് പുറമെയാണിത്. വർഷം മുഴുവനും ഈ ജോലികൾ തുടർന്ന് കൊണ്ട് പോകുന്നു. ഇവിടെ വളണ്ടിയറി ജോലികൾ വളരെ കൂടുതൽ ഉണ്ടെന്നുള്ളത് അഹ്മദിയ്യത്തിന്റെ വ്യതിരിക്തത തന്നെയാണ്. വർഷം മുഴുവനും നൽകുന്ന തർബിയ്യത്ത് കാരണമായി ഈ പ്രവർത്തി ചെയ്തുകൊണ്ടിരിക്കുകയാണ്.

അതിഥി സൽക്കാരത്തിന്റെ കാര്യത്തിൽ ലോകത്തെല്ലായിടത്തും അഹ്മദികൾ തിരിച്ചറിയപ്പെടുന്നുന്നതാണ്. കുട്ടികളും മുതിർന്നവരും പുരുഷന്മാരും സ്ത്രീകളും എല്ലാം ജൽസാ ദിനങ്ങളിൽ സേവന താത്പരരായി കാണുന്നു. അവർക്ക് ഏൽപ്പിക്കപ്പെട്ട ജോലികൾ വളരെ പ്രയത്നത്തോടെ അവർ ചെയ്തു തീർക്കുന്നു. ഇങ്ങനെ ചെയ്തു തീർക്കേണ്ടതാണ്. കാരണം ജൽസയുടെ അതിഥികൾ ഹ:മസീഹ് മൗഊദ് (അ) ന്റെ അതിഥികളാണ്. ഈ അതിഥി സൽക്കാരം എന്നത് ഏറ്റവും ഉദാത്തമായ ഗുണവും മതചര്യയുമാണ്.

ഹ: മസീഹ് മൗഊദ് (അ) ന്റെ അതിഥി സൽകാരത്തിന്റെ ഉന്നത നിലവാരം എന്തായിരുന്നു എന്ന് ഇവിടെ സ്മരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമേ നമ്മുടെ അതിഥി സത്കാരത്തിന്റെ പദവിയും ഉയരുകയുള്ളൂ. ഒരിക്കൽ ആ മഹാത്മാവിന് സുഖമില്ലാത്തതു കാരണം വിശ്രമിക്കുകയായിരുന്നു. ഒരു അതിഥി വന്നു എന്ന് അകത്ത് സന്ദേശം അയച്ചു. ഉടനെ അദ്ദേഹം പുറത്തേക്കു വന്നു. എന്നിട്ട് പറഞ്ഞു: "വളരെ കഷ്ടപ്പെട്ട് വന്ന അതിഥിക്ക് തീർച്ചയായും അവകാശമുണ്ട്. അവ

രോടുള്ള കടമ നിറവേറ്റാനാണ് ഞാൻ പുറത്തേക്ക് വന്നത്". ഹ:മസീഹ് മൗഊദ് (അ) ന്റെ അതിഥികൾക്കായി ഈ നില വാരമാണ് നാമും സ്ഥാപിക്കേണ്ടത്. ഏതൊരു ആതിഥേയ ത്തിനാണോ നമുക്ക് ഇന്ന് അവസരം നൽകിയിരിക്കുന്നത് അവർ മതപരമായ കാര്യത്തിന് വേണ്ടി യാത്ര ചെയ്യുന്ന അതിഥികളാണ്. ജൽസയുടെ മൂന്ന് ദിവസങ്ങളിൽ അല്ലാ ഹുവിന്റെയും അവന്റെ റസൂലിന്റെയും കാര്യങ്ങൾ കേൾക്കാ നാണ് അവർ വരുന്നത്. സ്നേഹത്തിന്റെയും സൗഹാർദ ത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷത്തിൽ കഴി യാനാണ് വരുന്നത്.

പല അതിഥികളും വളരെയധികം കഷ്ടതകൾ സഹിച്ചാണ് വരുന്നത്. ചിലർ തങ്ങളുടെ വീടുകളിൽ വളരെ നല്ല അവസ്ഥ യിൽ കഴിയുന്നവരാണ്. ഇവിടെ ഭൗതിക സുഖ സൗകര്യ ങ്ങൾ നോക്കുമ്പോൾ ഈ ദിവസങ്ങൾ കഷ്ടപ്പാടിന്റെ ദിവ സങ്ങളാണ്. എന്നിട്ടും അവർ വരുന്നു. ഇതേ പോലെ ദരി ദ്രരായ അതിഥികളുമുണ്ട്. അവർ തങ്ങളിൽ ഭാരം അടിച്ചേൽ പ്പിച്ചുകൊണ്ട് ജൽസയുടെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ വേണ്ടി മാത്രം ദൂര ദൂര നാടുകളിൽ നിന്നും വരുന്നു. ഹ: മസീഹ് മൗഊദ് (അ) ന്റെ വിളിക്ക് ഉത്തരം നൽകിക്കൊ ണ്ടാന് അവർ വരുന്നത്. കാലത്തിന്റെ ഖലീഫയെ കാണാ നും അദ്ദേഹത്തിന്റെ കാര്യങ്ങൾ കേൾക്കാനുമാണ് വരുന്നത്.

എം.ടി.എ അഹ്മദിയ്യാ ലോകത്തെ വളരെ അടുപ്പിച്ചി ട്ടുണ്ടെന്നത് ശരി തന്നെയാണ്. എന്നിരുന്നാൽ തന്നെയും ജൽസയുടെ ദിനങ്ങളിലെ അവസ്ഥ ഒന്ന് വേറെ തന്നെ യാണ്. അതിനാൽ ഈ അതിഥികൾ ഏതു തരം ബുദ്ധിമു ട്ടാണ് സഹിക്കുന്നതെന്ന് നാം തെറ്റിധരിക്കരുത്. ചിലർ വള രെ പ്രായം ചെന്നവരുണ്ട്. വിവിധങ്ങളായ രോഗങ്ങൾ ഉണ്ടാ യിട്ടു പോലും അവർ പ്രയാസങ്ങൾ സഹിച്ച് ഇവിടെ വരുന്നു. ഞാൻ പറഞ്ഞതു പോലെ വീട്ടിലെ എല്ലാ സുഖങ്ങളും ത്യജിച്ചുകൊണ്ട് ഇവിടെ വരുന്നവരുണ്ട്. അവർ പന്തലിൽ ഉറങ്ങുന്നു. സാദാ ഭക്ഷണം കഴിക്കുന്നു. അങ്ങനെയുള്ള അതിഥികൾക്ക് സേവനം ചെയ്യൽ നമ്മുടെ ബാധ്യതയാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൂടുതൽ അതിഥികളും ജൽസയിൽ പങ്കെടുക്കുക എന്ന ഓരൊറ്റ ഉദ്ദേശ്യത്തോടു കൂടി മാത്രം വരുന്നവരാണ്. ഇക്കാലത്ത് യാത്രാ ചെലവും വളരെയധികം വർദ്ധിച്ചിട്ടുണ്ട്. എന്നിട്ടും അവർ ചെലവഴി ക്കുന്നു. അതിൽ ഒരു വിഷമവും പ്രകടിപ്പിക്കുന്നില്ല. അതി നാൽ ഈ അതിഥികളെ ആദരിക്കുക എന്നത് നമ്മുടെ കടമ തന്നെയണ്. ആദരണീയ്യരായ അതിഥികളാണ് ഇവർ. അല്ലാ ഹുവിന്റെയും അവന്റെ റസൂലിന്റെയും പ്രീതി മാത്രമാണ് ഇവരുടെ ലക്ഷ്യം.

ഹ:മസീഹ് മൗഊദ്(അ) അതിഥികളെ കുറച്ച് ഉപദേശിച്ചു കൊണ്ട് പറയുകയുണ്ടായി: "നോക്കൂ! അതിഥികൾ വന്നി ട്ടുണ്ട്. ഇവരിൽ ചിലരെ നിങ്ങൾക്ക് പരിചയമുണ്ടാകും. ചിലരെ നിങ്ങൾ അറിയില്ല. അതിനാൽ എല്ലാവരെയും ആദര ണീയരായി കരുതി അവർക്ക് ആതിഥ്യമരുളുക. അതിഥി കൾക്ക് എല്ലാ സൗകര്യവും നിങ്ങൾ നൽകുമെന്ന ശുഭ പ്രതീ ക്ഷയാണ് നിങ്ങളിൽ ഞാൻ വെച്ചു പുലർത്തുന്നത്. ഇവരെ എല്ലാവരെയും നിങ്ങൾ നല്ലതു പോലെ നോക്കണം"

അതിനാൽ ദീനി ആവശ്യത്തിനായി വന്ന ഹ: മസീഹ് മൗ ഊദ് (അ) ന്റെ അതിഥികളെ അവർക്കായി വളരെ താത്പര്യ ത്തോടെ സേവനം ചെയ്ത് മസീഹ് മൗഊദ്(അ) ന്റെ പ്രതീ ക്ഷക്കൊത്ത് നാം ഉയരണം. കാരണം അവരുടെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി ഒന്നു മാത്രമാണ്. ഓരോ അതിഥി ക്കായും സേവന വികാരം നമ്മുടെ ഹൃദയത്തിൽ ഉണ്ടായിരി ക്കേണ്ടതാണ്. അതിഥികൾക്ക് അവകാശമുണ്ടെന്ന ചിന്ത എപ്പോഴും നമുക്കുണ്ടായിരിക്കേണ്ടതാണ്. നമുക്ക് എവി ടെയെല്ലാമാണോ ഡ്യൂട്ടി നൽകിയിട്ടുണ്ട് അവിടങ്ങളിൽ ജോലി ചെയ്യുന്ന എല്ലാവർക്കും ഈ ഒരു വികാരം ഉണ്ടായി രിക്കേണ്ടതാണ്. അങ്ങനെ ഹ : മസീഹ് മൗഊദ് (അ) ന്റെ ശുഭപ്രതീക്ഷക്ക് അനുഗുണമായി നാം മാരുന്നതാണ്. നമുക്ക് ഇപ്രകാരം പറയാൻ കഴിയണം. അല്ലാഹുവിന്റെ മസീഹേ! തിരുദൂതരുടെ പ്രിയപ്രേമി! താങ്കളുടെ എല്ലാ ഉപദേശങ്ങളുമ നുസരിച്ച് ഇന്നും ഞങ്ങൾ പ്രവർത്തിക്കുന്നവരാണ്. ഒരഹ്മ ദിയിൽ നിന്നും ഇതാണ് പ്രതീക്ഷിക്കുന്നത്. ഒരു നൂറ്റാണ്ട് ദൈർഘ്യമുള്ള യാത്ര ചെയ്തിട്ടും താങ്കളുടെ ശുഭപ്രതീ ക്ഷക്ക് മങ്ങലേൽക്കാൻ ഞങ്ങൾ ഇടം നൽകിയിട്ടില്ല. ഇന്നും ഞങ്ങളുടെ കുട്ടികളും മുതിർന്നവരും യുവതികളും യുവാ ക്കളും പുരുഷന്മാരും സ്ത്രീകളും അവരവരുടെ കടമകൾ നിറവേറ്റാൻ കഴിവതും പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. إِنْ شَاءَ اللهُ അതിനായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നതാണ്.

തങ്ങളുടെ ഈ പ്രതീക്ഷയെ ഞങ്ങൾ എന്നും നെഞ്ചോട് ചേർത്തു പിടിക്കുന്നതാണ്. അതിനനുസരിച്ച് പരിശ്രമിക്കുക യും ചെയ്യുന്നതാണ്. താങ്കൾ പറയുകയുണ്ടായി: "ഒരതിഥി ക്ക് പോലും ഒരു പ്രയാസവും ഉണ്ടാകരുത് എന്നാണ് ഞാൻ എപ്പോഴും പ്രതീക്ഷിക്കാറ്. അതിനായി ഞാൻ എപ്പോഴും ഉപദേശിക്കാറുണ്ട്. കഴിവിന്റെ പരമാവധി അതിഥികൾക്ക് സുഖ സൗകര്യങ്ങൾ ഒരുക്കാൻ ശ്രമിക്കേണ്ടതാണ്. അതിഥി കളുടെ ഹൃദയം കണ്ണാടിപോലെ മൃദുലമാണ്. അല്പമെന്ന് മുട്ടിപ്പോയാൽ പൊട്ടിപ്പോകുന്നതാണ്."

നാം നാവുകൊണ്ട് ഇങ്ങിനെ പ്രതിജ്ഞ എടുത്താൽ പോരാ, മറിച്ച് പ്രവർത്തന രൂപത്തിൽ ഇത് കാണണം. നാം മാതൃകയായിത്തീരേണ്ടതാണ്. ലോകത്ത് വിവിധ സ്ഥലങ്ങ ളിൽ ജൽസ നടക്കാറുണ്ട്. അതിഥികൾ അവിടെയും വരുന്നു. എന്നാൽ ഇവിടെ വിവിധ നാടുകളിൽ നിന്ന് വിവിധ സമുദാ യത്തിൽ പെട്ടവർ ജൽസയിൽ വരുന്നു. ഓരോ സമുദായത്തി ന്റെയും വിഭാഗത്തിന്റെയും ജീവിത നിലവാരം വ്യത്യസ്ഥ മായിരിക്കും. ക്ഷമാ ശീലം വ്യത്യസ്ഥമായിരിക്കും. സംസാര വും വികാരപ്രകടനരീതിയും വ്യത്യസ്ഥമാണ്. നമ്മിൽ നി ന്നും ഓരോരുത്തരുടെ പ്രതീക്ഷയും വ്യത്യസ്ഥമായിരിക്കും. താത്പര്യങ്ങളും വിവിധ തരത്തിലായിരിക്കും. അതിനാൽ ഓരോരുത്തരുമായി യുക്തിയോടു കൂടി സമീപിക്കേണ്ട താണ്. ഇതിനായി ഹ : മസീഹ് മൗഊദ് (അ) ന്റെ ജ്ഞാന നിർഭരമായ ഉപദേശങ്ങൾ ഓർത്തുവെക്കേണ്ടതാണ്. ഇത് മുമ്പിലുണ്ടെങ്കിൽ എല്ലാ കാര്യങ്ങളും ശരിയാകുന്നതായി രിക്കും. പറയുന്നു; "അതിഥികളുടെ ഹൃദയം കണ്ണാടി പോ ലെ മൃതുലമായിരിക്കും. അൽപമൊന്ന് മുട്ടിയാൽ പൊട്ടി പ്പോകും." സേവനം ചെയ്യുന്ന ഓരോരുത്തരും ഈ ഉപദേശ ത്തെ മനസ്സിലാക്കുകയാണെങ്കിൽ ചെറിയ അസ്വാരസ്യങ്ങൾ ഉണ്ടാകുന്നത് കൂടുതലും ഒഴിവാകുന്നതാണ്. പരാതി ഉണ്ടാ

കില്ല. ആരെങ്കിലും മന:പ്പൂർവ്വം കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചാൽ മാത്രമേ പ്രശ്നമുണ്ടാകുകയുള്ളൂ. ആ സമയത്ത് നമുക്ക് ചില കർശന നടപടികൾ എടുക്കേണ്ടതായി വരും.

കഴിഞ്ഞ വർഷം സ്ത്രീകൾക്കിടയിൽ ഭക്ഷണം വിളമ്പുന്ന വേളയിൽ ഒരു പ്രശ്നം ഉണ്ടായിരുന്നു. വളരെ ദൂരദേശത്തു നിന്ന് വന്ന അതിഥിയായ ഒരു സ്ത്രീ എന്തോ കാരണത്താൽ ദേഷ്യം പിടിച്ചു. അവിടെ ഏതെങ്കിലും ഡ്യൂട്ടിക്കാരുടെ തെറ്റാണോ അല്ലയോ എന്നത് നോക്കുന്നതിന് പകരം തെറ്റ് നമ്മുടേതാണെന്ന് തന്നെ നാം അംഗീകരിക്കണം. അപ്പോഴാണ് ശരിയായിത്തീരുക. നാം അതിനെ ന്യായീകരിക്കാൻ ശ്രമിക്കുകയല്ല വേണ്ടത്. ഇപ്രാവശ്യം തബ്ശീറിന്റെ അതിഥികളെ സ്ത്രീകളുടെ ഭാഗത്തും പുരുഷന്മാരുടെ ഭാഗത്തും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ആർക്കും ഒരു രീതിയിലുമുള്ള പ്രയാസം ഉണ്ടാകാൻ പാടില്ല. ഞാൻ ഈ പറയുന്നത് എല്ലാം തന്നെ പുറം നാടുകളിലുള്ള അതിഥികളെ കുറിച്ചാണ്. നേരത്തെ പറഞ്ഞതു പോലെ അതിഥികളെല്ലാം അതിഥികൾ തന്നെയാണ്.

ഏതായിരുന്നാലും ഈ വകുപ്പിൽ ചില മാറ്റങ്ങൾ ഞാൻ വരുത്തിയിട്ടുണ്ട്. സംഘടനാ തലത്തിൽ, സംഘാടകരെ മാറ്റുകയുണ്ടായി. ഇതിൽ വഖ്ഫെ നൗ ആൺകുട്ടികളെയും പെൺകുട്ടികളെയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ പല വഖ്ഫെ നൗ ആൺകുട്ടികളും പെൺകുട്ടികളും ജോലികൾ സ്വയം ചെയ്യാവുന്ന അവസ്ഥ കൈവരിച്ചുകഴിഞ്ഞു എന്നത് അല്ലാഹു നമുക്ക് നൽകിയ ഒരു പാരിതോഷികമാണ്. ചിലർ സ്ഥിരമായി ജമാഅത്തിന് വേണ്ടി സേവനം ചെയ്യുന്നു. ചിലർ താത്കാലികമായും ചെയ്യുന്നു. ഈ വർഷം ഇതിന്റെ നിലവാരം മെച്ചപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്നാൽ ആളുകളെ മാറ്റിയതുകൊണ്ട് മെച്ചപ്പെടാറില്ല എന്ന കാര്യം നാം ഓർക്കേണ്ടതാണ്. അല്ലാഹുവിന്റെ ഫദ്ൽ നമ്മുടെ കൂടെ ഉണ്ടാകുന്നതിനായി എപ്പോഴും അവനോട് ദുആ ഇരക്കേണ്ടതാണ്. അല്ലാഹു ആഗ്രഹിക്കുന്നതു പോലെ പ്രവർത്തിക്കുന്നവരായി നാം മാറണം. കാരണം അതിനായി അവനോട് സഹായം തേടുകയും വേണം. തെറ്റിദ്ധാരണ ഉണ്ടാകാൻ സാധ്യതയുള്ള അവസരങ്ങൾ ഇല്ലാതാകുന്നതിന് വേണ്ടിയും പ്രത്യേകമായി പ്രാർത്ഥിക്കേണ്ടതാണ്.

ആതിഥേയത്തെ കുറിച്ച് ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇംഗ്ലണ്ടിൽ താമസിക്കുന്ന അഹ്മദിയുടെ, പ്രത്യേകിച്ച് ലണ്ടനിൽ താമസിക്കുന്ന അഹ്മദികളുടെ അതിഥികളാണ് യു.കെ യുടെ പുറത്ത് നിന്ന് വരുന്ന അതിഥികൾ. പുറത്ത് നിന്ന് വരുന്ന അതിഥികളുടെ എണ്ണം ഏകദേശം 3000 ആയിരിക്കും. വിസ കിട്ടുകയാണെങ്കിൽ ഒരു പക്ഷേ ഇതിലേക്കാളും കൂടുതൽ ആയേക്കാം. അതിനാൽ ഇവിടെയുള്ള അഹ്മദികൾക്ക് ഡ്യൂട്ടി ഉണ്ടെങ്കിലും ഇല്ലെങ്കിലും പുറത്ത് നിന്ന് വരുന്ന ഓരോ അതിഥിയും അവരുടെയും അതിഥി തന്നെയാണ്. യു.കെ യിലുള്ള ഡ്യൂട്ടിയില്ലാത്തവർ ജൽസയിൽ വരുമ്പോൾ അവരും അതിഥികൾ ആണ്. ഇവിടെയുള്ള അതിഥികളേക്കാളും പുറമേയുള്ള ഏതെങ്കിലും അതിഥികൾക്ക് പരിഗണന നൽകുമ്പോൾ യു. കെയിലുള്ള ഓരോ അഹ്മദിയും ആതിഥേയനായിരിക്കും. പുറമേയുള്ളവർ അതിഥികളും. അതല്ലെങ്കിൽ നമുക്ക് ഇങ്ങനെ പറയാം. ബ്രിട്ടനിൽ നിന്ന് വന്ന അതിഥികൾക്കും ബ്രിട്ടന്റെ പുറത്ത് നിന്ന് വന്ന അതിഥികൾക്കും ഇടയിൽ ഏതെങ്കിലും കാര്യത്തിൽ പരിഗണനയുടെ പ്രശ്നം വന്നാൽ ബ്രിട്ടന്റെ പുറത്ത് നിന്ന് വരുന്ന അതിഥികൾക്കാണ് കൂടുതൽ പരിഗണന നൽകേണ്ടത്. അവർക്കായി ഇവിടെയുള്ളവർ ത്യാഗം ചെയ്യേണ്ടതാണ്. അപ്പോൾ ചില സന്ദർഭങ്ങളിൽ നിങ്ങൾ അതിഥികളായിരിക്കെ തന്നെ ആതിഥേയരായി മാറുന്നു. ഡ്യൂട്ടി ചെയ്യുന്നവരുടെ മാത്രം ജോലിയല്ല ഇത്. ഈ ഒരു ചിന്താഗതിയെ വ്യാപിക്കേണ്ട ആവശ്യമുണ്ട്. ഈ ചിന്താഗതിയെ വ്യാപിപ്പിച്ചു കൊണ്ട് നിങ്ങൾ ത്യാഗം ചെയ്യുന്നവരായി മാറുക. ഇതെല്ലാം ആയിക്കഴിഞ്ഞാൽ ഒരു മനോഹര സമൂഹത്തെ നമുക്ക് ദർശിക്കാൻ സാധിക്കുന്നതാണ്.

ചില ഹദീസുകൾ കാണുമ്പോൾ നമുക്ക് തോന്നുന്നത് അതിഥികളാകുന്നതിന് പകരം ആതിഥേയരായിത്തന്നെ ഇരിക്കുന്നതാണ് നല്ലത് എന്നാണ്. ആതിഥ്യമരുളുക എന്നത് ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ വിശ്വാസി ആണെന്നതിനുള്ള തെളിവാണ്. ഒരു ഹദീസിൽ വരുന്നു. തിരുനബി (സ) പറഞ്ഞു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ അതിഥികളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യട്ടെ. ഇതിനെ മറ്റു രീതിയിൽ പറഞ്ഞാൽ അതിഥിയെ ആദരിക്കാത്തവനും ബഹുമാനിക്കാത്തവനും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസം കുറവുള്ളവനാണ്.

ഹ: മസീഹ് മൗഊദ് (അ) ആതിഥ്യമരുളുന്നതിലേക്ക് നമ്മുടെ ശ്രദ്ധ വിവിധഘട്ടങ്ങളിൽ ക്ഷണിച്ചിട്ടുണ്ടെങ്കിൽ അത് തന്റെ യജമാനനും വഴികാട്ടിയുമായ മുഹമ്മദ് മുസ്തഫാ (സ) യുടെ നിർദ്ദേശത്തിന്റെയും വിശുദ്ധ ഖുർആന്റെ കല്പനകളുടെയും അടിസ്ഥാനത്തിലാണ്. നമ്മുടെ വിശ്വാസത്തിൽ ദൃഢത കൈവരിക്കുന്നതിന് വേണ്ടിയാണിത്. മറ്റൊരു ഹദീസിൽ തിരുനബി(സ) തന്റെ സഹോദരനോട് പുഞ്ചിരി തൂകുന്ന മുഖത്തോടെ സമീപിക്കുന്നതും വലിയ നന്മയായി പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ജൽസയുടെ ഈ മൂന്ന് ദിവസങ്ങളിൽ വിവിധങ്ങളായ നന്മകൾ ചെയ്യപ്പെടുന്നു. പുഞ്ചിരി തൂകുന്ന മുഖത്തോടെ മറ്റുള്ളവരെ സമീപിക്കുക എന്നതും വലിയ നന്മയാണ്. ഇതിനുള്ള വിവിധ അവസരങ്ങൾ ഉണ്ടാകാറുണ്ട്. അതിഥികൾക്കും ആതിഥേയർക്കും ഇങ്ങനെയുള്ള അവസരങ്ങൾ ഉണ്ടാകും.

പ്രത്യേകമായി ഡ്യൂട്ടി ചെയ്യുന്നവരോട് എനിക്ക് പറയാനുള്ളത് നിങ്ങൾ പരസ്പരം ബന്ധപ്പെടുമ്പോഴും സംസാരത്തിലും എല്ലാം സൂക്ഷ്മത പാലിക്കണം. ക്ഷീണം കൊണ്ട് ചിലപ്പോൾ ആളുകൾ ദേഷ്യം പിടിച്ചു പോകാം. അപ്പോഴൊക്കെ പുഞ്ചിരി തൂകുന്ന മുഖത്തോടെ നിങ്ങൾ സമീപിക്കണം. ഓഫീസർമാർ തങ്ങളുടെ കീഴിലുള്ളവരോടും പുഞ്ചിരി തൂകുന്ന മുഖത്തോടെയാണ് സമീപിക്കേണ്ടത്. ഡ്യൂട്ടിയിലുള്ളവർക്ക് മുമ്പ് ചില പ്രശ്നങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ചിലപ്പോൾ ചില സ്ഥലങ്ങളിൽ ഭക്ഷണം ഓഫീസർമാർക്ക് പ്രത്യേകമായി ഉണ്ടാക്കാറുണ്ട്. അതല്ലെങ്കിൽ ചില സ്ഥലത്ത് ഫ്രിഡ്ജ് ചില ഓഫീസുകളിൽ ഉണ്ടാകും. അത് ഓഫീസർമാർക്ക് വേണ്ടി മാത്രമായിരിക്കും. അതിൽ നിന്ന് സാധാരണ ഡ്യൂട്ടിക്കാർ വല്ല വെള്ളവും എടുത്ത് കുടിച്ചാൽ ഓഫീസർമാർ ദേഷ്യം പിടിക്കാറുണ്ട്. ഇതൊന്നും നമ്മുടെ ഇടയിൽ പാടില്ല.

ഏതായിരുന്നാലും ഡ്യൂട്ടി ചെയ്യുന്നതിനിടയിൽ പല പ്രശ്നങ്ങളും വരും. മേലുദ്യോഗസ്ഥനെന്നും കീഴുദ്യോഗസ്ഥനെന്നുമെല്ലാമുള്ള വകതിരിവ് ഉണ്ടായിപ്പോയേക്കാം. പക്ഷേ നാം എപ്പോഴും ഓർക്കേണ്ട കാര്യം സദ്പെരുമാറ്റത്തെയാണ് നാം എപ്പോഴും പ്രകടിപ്പിക്കേണ്ടത്. അതിഥികളോട് നല്ലതുപോലെ നാം ബന്ധപ്പെടുന്നതാണെന്നതിൽ സംശയമില്ല. പരസ്പരം സദ്സ്വഭാവത്തോടെ പെരുമാറുകയാണെങ്കിൽ അതിഥികൾക്ക് ഈ പവിത്രമായ അന്തരീക്ഷം വളരെയധികം സ്വാധീനം ചെലുത്തുന്നതാണ്. നമ്മുടെ ചുറ്റുപാടും വളരെ മനോഹരമായിത്തീരുന്നതാണ്. അഹ്മദികളല്ലാത്ത അതിഥികളിലും ഇത് വളരെയധികം സ്വാധീനം ചെലുത്തുന്നതാണ്. ഈ സദ്സ്വഭാവ പ്രകടനത്തിലൂടെ സ്വയം നന്മ ചെയ്യുന്നവരായും നാം മാറുന്നതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി നാം മാറുന്നതാണ്.

ഡ്യൂട്ടി നൽകുന്ന ഓരോ ജോലിക്കാരും മനസ്സിലാക്കേണ്ട മറ്റൊരു കാര്യം ആതിഥ്യമരുളുക എന്നത് അതിഥികളോട് ചെയ്യുന്ന ഔദാര്യമൊന്നുമല്ല. ഹ : മസീഹ് മൗഊദ് (അ) പറഞ്ഞ കാര്യം നേരത്തെ കേൾപ്പിക്കുകയുണ്ടായി. തിരുനബി (സ) പറഞ്ഞതും അതിഥികൾക്ക് അവരുടെ അവകാശമുണ്ട് എന്നാണ്. അവകാശങ്ങൾ നൽകുന്നതിനെ കുറിച്ച് അല്ലാഹു പറയുന്നത് എന്താണ്? പറയുന്നു:

وَاٰتِ ذَا الْقُرْبٰى حَقَّهٗ وَالْمِسْكِيْنَ وَابْنَ السَّبِيْلِ وَلَا تُبَذِّرْ تَبْذِيْرًا ﴿٢٧﴾

അടുത്ത ബന്ധുക്കൾക്ക് അവരുടെ അവകാശം നൽകുക. മിസ്കീനുകൾക്കും യാത്രക്കാർക്കും അവരുടെ അവകാശങ്ങൾ നൽകുക. അമിത വ്യയം നിങ്ങൾ ചെയ്യരുത്.

ഇവിടെ മൂന്ന് വിഭാഗത്തിലുള്ള ആളുകളെ കുറിച്ചാണ് പറയുന്നത്. ഇന്നത്തെ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് യാത്രക്കാരുടെ അവകാശത്തെ കുറിച്ചാണ് ഞാൻ പറയുന്നത്. വിവിധ തരം യാത്രക്കാരുണ്ട്. അല്ലാഹുവിന് വേണ്ടി, അല്ലാ ഹു പറഞ്ഞത് കൊണ്ട് മാത്രം യാത്ര ചെയ്യുന്നവർ ആണ് ഏറ്റവും സൗഭാഗ്യവാന്മാരായ യാത്രക്കാർ.

ഒരു ഹദീസിൽ വരുന്നു. "അല്ലാഹുവിനെ കുറിച്ചും അവന്റെ റസൂലിനെ കുറിച്ചും സമരിക്കപ്പെടുന്ന സദസ്സുകളിൽ ഇരിക്കുന്നവർക്കായി മലക്കുകൾ സമാധാനത്തിന്റെയും പ്രാർത്ഥനയുടെയും സമ്മാനം ഇറക്കിക്കൊടുക്കുന്നതാണ്." നമ്മുടെ ജൽസകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അങ്ങനെയുള്ള സദസ്സുകളാണ്. ഈ സദസ്സുകളിൽ പങ്കെടുക്കാനായി യാത്ര ചെയ്തു വരുന്നവരുടെ സ്ഥാനവും വളരെ ഉന്നതമാണ്. അവർക്കായി മലക്കുകൾ ദുആ ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള യാത്രക്കാരെ സേവിക്കുന്നവരും അതിഥിയുടെ കടമ നിറവേറ്റുന്നവരും ഭാഗ്യവാന്മാർ തന്നെയാണ്. അല്ലാഹു സ്ഥാപിച്ച കടമകൾ ആരാണൊ നിറവേറ്റുന്നത് അവർ തീർച്ചയായും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായിരിക്കും. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരേക്കാളും വലിയ സൗഭാഗ്യവാൻ മറ്റാരാണുള്ളത്.

നാം ചിന്തിക്കുകയാണെങ്കിൽ ജൽസയുടെ ഈ സംവിധാനവും അത്ഭുതകരമായ ഒരു സംവിധാനം തന്നെയാണെന്ന് മനസ്സിലാകുന്നതാണ്. ഒരു നന്മക്ക് ശേഷം മറ്റൊരു നന്മക്കുള്ള അവസരം ഓരോരുത്തർക്കുമായി തുറക്കപ്പെടുന്നു. ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ സേവനം ചെയ്യുന്നതിന്റെ ആത്മാവിനെ ഓരോ സേവകനും മുമ്പിൽ വെക്കേണ്ടതാണ്. ഈ ഒരു ആവേശത്തോടെ നാം ചെയ്യുന്നുണ്ടെങ്കിലും അതിനെ മെച്ചപ്പെടുത്തേണ്ട ആവശ്യമാണുള്ളത്. ഡ്യൂട്ടി നൽകുന്നവർ ജമാഅത്ത് പറഞ്ഞതു കൊണ്ട് ഡ്യൂട്ടി നൽകുന്നു എന്ന വികാരത്തോടെയല്ല ഡ്യൂട്ടി നൽകേണ്ടത്. നമുക്ക് പോയി ജോലി ചെയ്യുന്നവരെ സഹായിച്ചേക്കാം എന്ന് കരുതരുത്. സദ്ർ ഖുദ്ദാമുൽ അഹമദിയ്യാ വഖാറെ അമൽ ചെയ്യാൻ വേണ്ടി പറഞ്ഞുകൊണ്ട് പോയേക്കാം എന്ന ചിന്തയല്ല ഉണ്ടാകേണ്ടത്. സദ്ർ ലജ്ന പറഞ്ഞല്ലോ അതു കൊണ്ട് ഔദാര്യമെന്ന നിലക്ക് ഡ്യൂട്ടി ചെയ്യുന്നവരുടെ സംഘത്തിൽ ചേർന്നുകളയാം എന്ന നിലപാടായിരിക്കരുത്. നമ്മുടെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി ലഭിക്കണം എന്നതായിരിക്കണം. തിരുനബി(സ)യുടെ സഹാബാക്കൾ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനായി ഏതു രീതിയിലായിരുന്നു ആതിഥ്യമരുളിയിരുന്നതെന്നും അതിഥികളോടുള്ള കടമ എങ്ങനെ നിറവേറ്റി എന്നും നമുക്ക് കാണാവുന്നതാണ്. അതിനുള്ള ഒരു ഉദാഹരണം കേൾപ്പിക്കാം. ഈ നിവേദനം എത്ര കേട്ടാലും വായിച്ചാലും ഒരു പുതിയ ആവേശം ഇത് നൽകുന്നു. പുതിയ പാഠം നൽകുന്നു. ഹ: അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു. തിരുനബി (സ) യുടെ അടുത്ത് ഒരു യാത്രക്കാരൻ വന്നു. തിരുനബി വീട്ടിൽ അതിഥിക്ക് ഭക്ഷണം കൊടുത്തയക്കാൻ സന്ദേശമയച്ചു. അവിടെ നിന്നും വന്ന മറുപടി ഇന്ന് വീട്ടിൽ വെള്ളമല്ലാതെ മറ്റൊന്നും ഇല്ല എന്നാണ്. അപ്പോൾ തിരുനബി (സ) സഹാബാക്കളോട് പറഞ്ഞു. ഈ അതിഥിക്ക് ഭക്ഷണത്തിനുള്ള ഏർപ്പാട് ആരാണ് ചെയ്യുക. ഒരു അൻസാരി പറഞ്ഞു. യാ റസൂലുല്ലാഹ് ഞാൻ ഇതിനുള്ള ഏർപ്പാട് ചെയ്യാം. അങ്ങനെ അദ്ദേഹം വീട്ടിൽ ചെന്നിട്ട് ഭാര്യയോട് പറഞ്ഞു. തിരുനബി(സ)യുടെ അതിഥിക്ക് വേണ്ടി ഭക്ഷണം തയ്യാറാക്കുക. ഭാര്യ പറഞ്ഞു: ഇന്ന് കുട്ടികൾക്കുള്ള ഭക്ഷണം മാത്രമേ വീട്ടിലുള്ളൂ. അപ്പോൾ അൻസാരി പറഞ്ഞു: 'നീ ഭക്ഷണം തയ്യാറാക്കുക. എന്നിട്ട് വിളക്ക് കത്തിക്കുക. കുട്ടികൾക്ക് ഭക്ഷണം കൊടുക്കേണ്ട സമയം വന്നാൽ അവരെ താരാട്ട് പാടി ഉറക്കുക.' അങ്ങനെ ഭാര്യ ഭക്ഷണം തയ്യാറാക്കി. വിളക്ക് കത്തിച്ചു. കുട്ടികളെ വിശക്കുന്ന അവസ്ഥയിൽ തന്നെ ഉറക്കി. പിന്നീട് വിളക്ക് ശരിയാക്കാനാണെന്ന ഭാവേന എഴുന്നേറ്റു പോയി വിളക്ക് കെടുത്തി. അങ്ങനെ ഇരുവരും അതിഥിയുടെ അടുത്തിരുന്ന് ഭക്ഷണം കഴിക്കുന്നുണ്ടെന്ന് അതിഥിക്ക് തോന്നുന്ന രീതിയിൽ അഭിനയിച്ചു. അങ്ങനെ അവർ ഇരുവരും രാത്രി വിശന്നുറങ്ങി. സുബ്ഹിക്ക് ആ അൻസാരി തിരുനബി (സ) യുടെ അടുത്തെത്തിയപ്പോൾ തിരുനബി പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു: 'രാത്രി നിങ്ങൾ ചെയ്ത ആ പ്രവർത്തനം കണ്ട് അല്ലാഹു പോലും പുഞ്ചിരിച്ചു പോയി.' നിങ്ങൾ ഇരുവരുടെയും ഈ പ്രവർത്തനത്തിൽ അല്ലാഹു സംതൃപതനായി എന്നോ പറഞ്ഞു. ഈ അവസരത്തിൽ ഒരായത്ത് അവതരിക്കുകയുണ്ടായി.

وْتُوْا وَيُؤْثِرُوْنَ عَلٰٓى اَنْفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۗ
وَمَنْ يُّوْقَ شُحَّ نَفْسِهٖ فَاُولٰٓئِكَ هُمُ الْمُفْلِحُوْنَ ﴿١٠﴾

പരിശുദ്ധരും ത്യാഗിവര്യരുമായ വിശ്വാസികൾ തങ്ങളേക്കാളും മറ്റുള്ളവർക്ക് പരിഗണന നൽകുന്നു. അവർ സ്വയം ആവശ്യക്കാരും വിശന്നിരിക്കുന്നവരു മായിരിക്കണം. സ്വന്തം ആത്മാവിന്റെ പിശുക്കിൽ നിന്നും ആരാണോ രക്ഷപ്പെട്ടത് അവരാണ് വിജയം കൈവരിച്ചവർ.

ഇവിടെ നാം നോക്കേണ്ടത് എന്തു മാത്രം വലിയ ത്യാഗമാണ് അവർ ചെയ്തതെന്നാണ്. കുട്ടികളെ പട്ടിണി കിടത്തി ഉറക്കുന്നു. സ്വയം വിശന്നുറങ്ങുന്നു. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇങ്ങനെ ഒരവസ്ഥ ആർക്കെങ്കിലും ഉണ്ടോ എന്നറിയില്ല. ജമാഅത്തിന്റെ അതിഥികൾക്ക് എന്തായിരുന്നാലും ഈ ഒരവസ്ഥ ഇല്ല. ഏതൊരു അതിഥിക്ക് വേണ്ടിയാണോ ആ കുടുംബം ത്യാഗം ചെയ്തത് അത് ജമാഅത്തിന്റെ തന്നെ അതിഥിയായിരുന്നു. മതപരമായ കാര്യത്തിനു വന്ന അതിഥിയായിരുന്നു. തിരുനബി(സ)യുടെ സദസ്സിൽ തിരുമേനിയെ കാണാനായി വന്ന അതിഥിയായിരുന്നു. ഇങ്ങനെയുള്ള മാതൃക കാണിച്ചു തന്നുകൊണ്ട് അതിഥി സത്കാരത്തിന്റെ പ്രാധാന്യം നമുക്ക് കാണിച്ചുതരികയാണ് ചെയ്തത്. തിരുനബി (സ) യുടെ അതിഥിക്ക് പ്രത്യേകമായ ഒരു സ്ഥാനമുള്ളതാണ്. ഇന്ന് അദ്ദേഹത്തിന്റെ യഥാർത്ഥ ദാസന്റെ അതിഥികൾക്കും അല്ലാഹു വലിയ പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്. അതിനാൽ ഡ്യൂട്ടി നൽകുന്ന ഓരോരുത്തരും ഈ ഒരു പ്രാധാന്യത്തെ മുമ്പിൽ വെക്കേണ്ടതാണ്.

മുകളിലെ സംഭവത്തിൽ കുട്ടികളെ പട്ടിണിക്കിട്ടു എന്നത് ബാഹ്യമായി നോക്കുമ്പോൾ അക്രമമായെ തോന്നുകയുള്ളൂ. യഥാർത്ഥത്തിൽ ത്യാഗത്തിന്റെ അത്യുന്നതമായ ഒരു ഉദാഹരണമാണ് ഇവിടെ കാഴ്ച്ച വെച്ചിരിക്കുന്നത്. ഇതിൽ കുടുംബം ഒന്നടങ്കം പങ്കെടുക്കുകയുണ്ടായി. ചിലർ സന്തോഷത്തോടും ചിലർ നിർബന്ധിതരായും. തീർച്ചയായും ആ കുട്ടികൾക്കും അല്ലാഹു കുറേ അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ടാകും. കാരണം ഈ ആയത്തിൽ ഉൾപ്പെട്ടിരിക്കുന്ന വിഷയത്തിൽ നിന്നും ഇത് വ്യക്തമാണ്. അല്ലാഹു അങ്ങനെയുള്ളവരെ **മുഫ്‌ലിഹൂൻ** എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. **മുഫ്‌ലിഹൂൻ** എന്നതിന്റെ അർത്ഥം നാം നോക്കുമ്പോൾ അതിന്റെ വ്യാപ്തി എത്രമാത്രമുണ്ടെന്ന് മനസ്സിലാകുന്നതാണ്. പുഷ്പ്പിക്കുകയും കാഴ്ക്കുകയും ചെയ്യുന്നവരാണ് മുഫ്‌ലിഹ്. വിജയം കൈവരിക്കുന്നവനും തങ്ങളുടെ നല്ലതും ഉന്നതവുമായ ആഗ്രഹങ്ങളെ കരസ്ഥമാക്കുന്നവരും സന്തോഷിക്കുന്നവരും എല്ലാ നന്മയേയും കരസ്ഥമാക്കുന്നവരും ഈ നന്മയിലും വിജയത്തിലും സ്ഥിരമായി കഴിച്ചു കൂട്ടുന്നവരും ജീവിത സുഖം അനുഭവിക്കുന്നവരും സംരക്ഷണത്തിൽ വരുന്നവരുമാണ് മുഫ്‌ലിഹീങ്ങൾ. അതിനാൽ ഒരു നേരത്തെ ഭക്ഷണത്തിന്റെ ത്യാഗം ഒരു അതിഥി സൽക്കാരം അവരെ അല്ലാഹുവിന്റെ പ്രീതിയുടെ അവകാശികളാക്കി മാറ്റി എവിടെ നിന്ന് എവിടെ വരെ എത്തിച്ചു എന്ന് നോക്കുക. അല്ലാഹുവിന്റെ പ്രീതിയോടൊപ്പം ഇതെല്ലാം ഒരാൾക്ക് ലഭിക്കുകയാണെങ്കിൽ അവർക്ക് ഇനി മറ്റെന്താണ് വേണ്ടത്. ചുരുക്കത്തിൽ ആതിഥേയർക്ക് ലഭിക്കുന്ന സ്ഥാനമാണിത്. നമ്മുടെ അതിഥികളെ സേവിച്ചു കൊണ്ട് കരസ്ഥമാക്കേണ്ട സ്ഥാനമാണിത്. ഈ ഒരു സ്ഥാനം നമ്മേ അല്ലാഹുവിന്റെ പ്രതിഫലത്തിന് അവകാശികളാക്കി മാറ്റി നമ്മുടെ ഇരുലോകവും ശരിയാക്കിത്തീർക്കുന്നതിന് കാരണമായി ത്തീരുന്നതാണ്. ഹ: മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനം ചെയ്യാനുള്ള അവസരം നൽകിക്കൊണ്ട് അല്ലാഹു നമ്മേ മുഫ്‌ലിഹീങ്ങളിൽ ഉൾപ്പെടുത്തുവാനുള്ള വഴികൾ തുറന്നിടുകയാണ് ചെയ്യുന്നത്. സേവനം ചെയ്യുന്ന എല്ലാവരും ജോലിക്കാരും ഈ അനുഗ്രഹം കരസ്ഥമാക്കുന്നവരായി മാറട്ടെ. ജൽസക്ക് വേണ്ടിയുള്ള ഒരുക്കങ്ങളിൽ ഉണ്ടാകുന്ന എല്ലാ പ്രയാസങ്ങളും അല്ലാഹു ദൂരീകരിക്കട്ടെ.

ജുമുഅ നമസ്കാരത്തിന് ശേഷം ഞാൻ ഒരു ജനാസ ഗാഇബ് നമസ്ക്കരിക്കുന്നതാണ്. ബഹു: സഹൂർ അഹ്മദ് സാഹിബ് ഗ്യാനി ശഹീദിന്റെതാണ്. ഇദ്ദേഹം കറാച്ചിയിലെ ഒറംഗി ടൗണിൽ ഓഗസ്റ്റ് 21 ന് ശഹീദാകുകയുണ്ടായി.

اِنَّا لِلّٰہِ وَ اِنَّا اِلَیۡہِ رٰجِعُوۡنَ

സംഭവം ഇപ്രകാരം വിവരിക്കപ്പെടുന്നു. സഹൂർ സാഹിബ് തന്റെ ഒരു സുഹൃത്തിനോടൊപ്പം ഓഗസ്റ്റ് 21 ാം തിയ്യതി 11:15ന് റിപ്പയർ ചെയ്യാൻ കൊടുത്ത കാറ് വീട്ടിലേക്ക് കൊണ്ടുവന്നത് പരിശോധിക്കാനായി പുറത്തേക്ക് പോയി. വണ്ടി കുറച്ച് ദൂരെ നിർത്തിയിട്ടതായിരുന്നു. അദ്ദേഹം പുറത്തേക്ക് വന്നപ്പോൾ അദ്ദേഹത്തിന്റെ അയൽവാസി അനഹ്മദിയായ നൂറുൽ ഹഖ് സാഹിബും പുറത്തേക്ക് വന്നു. ഇവർ മൂന്നുപേരും വണ്ടി നോക്കാനായി പുറത്തേക്ക് പോയി. ഇവർ മൂന്ന് പേരും കാർ പരിശോധിച്ച് തിരിച്ച് വരികയായിരുന്നു. അപ്പോൾ ഒരു മോട്ടോർ സൈക്കിളിൽ രണ്ട് അക്രമികൾ വരികയും അതിൽ ഒരാൾ മോട്ടോർ സൈക്കിളിൽ നിന്ന് ഇറങ്ങി സുഹൂർ സാഹിബിനെ തുരുതുരാ വെടിവെക്കുകയും ചെയ്തു. അപ്പോൾ സുഹൂർ സാഹിബിന്റെ അയൽവാസി അൻവാറുൽ ഹഖ് സാഹിബ് വെടിവെക്കുന്നവന്റെ കൈ കടന്നു പിടിച്ചു. ഉടനെ മറ്റെ അക്രമി നൂറുൽ ഹഖ് സാഹിബി നെയും വെടി വെച്ചു അവർ ഓടിപ്പോയി. സുഹൂർ സാഹിബിന്റെ മകൾ വെടിയൊച്ച കേട്ടപ്പോൾ വീടിനു മുകളിൽ നിന്ന് ജനലിലൂടെ പുറത്തേക്ക് നോക്കി. മോട്ടോർ സൈക്കിളിലുള്ളവർ വെടിവെച്ച് ഓടിപ്പോകുന്നതാണ് കണ്ടത്. അവൾ ചായ കുടിക്കുകയായിരുന്നു. ഉടനെ ചായ കപ്പെടുത്ത് അക്രമികളെ എറിഞ്ഞു. അപ്പോൾ അക്രമികൾ അവളെയും വെടിവെച്ചു. ജനലിൽ വെടി കൊണ്ടു. എന്നാൽ കുട്ടിക്ക് കൊണ്ടില്ല. സഹൂർ സാഹിബ് സംഭവസ്ഥലത്തു വെച്ച് തന്നെ മരിച്ചു. اِنَّا لِلّٰہِ وَ اِنَّا اِلَیۡہِ رٰجِعُوۡنَ

ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ വയസ്സ് 47 ആയിരുന്നു. അദ്ദേഹത്തിന്റെ അയൽവാസി അനഹ്മദിയായ നൂറുൽ ഹഖ് സാഹിബും ശഹീദാകുകയുണ്ടായി. അല്ലാഹു അദ്ദേഹത്തോടും കാരുണ്യവും മഗ്ഫിറത്തും ചെയ്യുമാറാകട്ടെ.

സുഹൂർ സാഹിബിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ പിതൃ സഹോദരന്മാരായ യൂസുഫ് ഗ്യാനി, മുഹമ്മദ് സഈദ് ഗ്യാനി സാഹിബ് എന്നിവർ മുഖേനയാണ്. 1936 ൽ ഇരുവർക്കും ബൈഅത്ത് ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. ഇരുവരും നല്ല അറിവുള്ളവരായിരുന്നു. ജമാഅത്തിനെ കുറിച്ച് പഠിച്ചതിനു ശേഷമാണ് ബൈഅത്ത് ചെയ്തത്. അതിനു ശേഷം മർഹൂമിന്റെ പിതാവും മറ്റു സഹോദരന്മാരും ബൈഅത്ത് ചെയ്തു. പ്രോം കോട്ട് മുസഫരാബാദ് കശ്മീരിലാണ് ഇവരുടെ സ്വദേശം.

1966 നാണ് ജനിച്ചത്. 1976 ൽ കറാച്ചിയിലേക്ക് മാറിത്താമസിച്ചു. ബി.എ വരെ അവിടെയാണ് പഠിച്ചത്. ഫെഡറൽ ബോർഡ് ഓഫ് റവന്യൂവിൽ ജോലി നോക്കി. കസ്റ്റം ഡിപ്പാർട്ട്മെന്റിൽ ക്ലർക്കായി ജോലി ചെയ്യുമായിരുന്നു.

സഹൂർ സാഹിബ് തന്റെ മജ്‌ലിസുമായി വളരെയധികം സഹകരിക്കുന്ന വ്യക്തിയായിരുന്നു. സർവ്വപ്രിയനും ധന ത്യാഗ രംഗത്ത് വളരെ മുമ്പത്തിലും ആയിരുന്നു. അതിഥി സൽക്കാരം അദ്ദേഹത്തിന്റെ പ്രത്യേകമായ ഗുണമായിരുന്നു. വീട്ടിൽ വരുന്ന അതിഥികളെ ഒരിക്കലും ഭക്ഷണം കഴിപ്പിക്കാതെ വിടാറില്ല. ജമാഅത്തിന്റെ എല്ലാ ഭാരവാഹികളെയും ആദരിച്ചിരുന്നു. ഒരു വിധ പരാതിക്കും ഇടം നൽകിയിരുന്നില്ല. മൂസി ആയിരുന്നു. തബ്ലീഗ് തത്പരനായിരുന്നു. 2009 ൽ ബൈഅത്ത് ചെയ്യിപ്പിക്കാനുള്ള തൗഫീഖ് ലഭിച്ചു. അദ്ദേഹത്തിന്റെ മരണവാർത്ത അറിഞ്ഞപ്പോൾ ഹോസ്പിറ്റലിലും വീട്ടിലും അദ്ദേഹത്തിന്റെ ഓഫീസിലെ കുറേ ആളുകൾ സന്ദർശിച്ചിരുന്നു. ഓരോരുത്തരും തന്നെ ശഹീദിന്റെ ഉന്നത സ്വഭാവഗുണത്തെയാണ് എടുത്തു പറഞ്ഞുകൊണ്ടിരുന്നത്. അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് കരഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു. ശഹീദ് വാത്സല്യമുള്ള ആളും കുഴപ്പങ്ങളിൽ നിന്നെല്ലാം വിട്ടുനിൽക്കുന്ന ആളുമായിരുന്നു. ജോലിയുടെ അവസരത്തിൽ ദേഷ്യം വരുമ്പോൾ ക്ഷമ കൈ കൊള്ളാൻ ഉപദേശിക്കും.

അദ്ദേഹത്തിന്റെ ഓഫീസർമാർ പറയുന്നു: സുഹൂർ അഹ്മദ് ഞങ്ങളുടെ ധൈര്യശാലിയായ ഒരു യോദാവായിരുന്നു. കുറഞ്ഞ സമയത്തിൽ തന്നെ എല്ലാവരുടെയും ഇഷ്ടം കരസ്ഥമാക്കുമായിരുന്നു. ഇന്ന് നമുക്ക് ഒരു നല്ല സുഹൃത്ത് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ ഭാര്യാപിതാവ് ബശീർ സാഹിബ് പറയുന്നു. ശഹീദ് മർഹൂം കുടുംബത്തിലെ എല്ലാവരേയും സഹായിച്ചിരുന്നു. സാമ്പത്തികമായി നല്ല കഴിവ് അല്ലാഹു അദ്ദേഹത്തിന് നൽകിയിരുന്നു. കുടുംബത്തിൽ ആർക്കെങ്കിലും വല്ല ആവശ്യവും നേരിട്ടാൽ അവരെ അദ്ദേഹം സഹായിച്ചിരുന്നു. കുടുംബത്തിലല്ലാത്ത ആവശ്യക്കാരും വെറും കയ്യോടെ അദ്ദേഹത്തിന്റെ കവാടത്തിൽ നിന്ന് മടങ്ങാറില്ല.

കുട്ടികളോടുള്ള പെരുമാറ്റവും വളരെ വാത്സല്യത്തോടെയായിരുന്നു. കുട്ടികളുടെ ആവശ്യം പൂർണ്ണമായും ശ്രദ്ധിച്ചിരുന്നു. അവരുടെ പഠനകാര്യങ്ങളെക്കുറിച്ച് ശ്രദ്ധിച്ചിരുന്നു. ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കുമായിരുന്നു. ഭാര്യ പറയുന്നു: അല്ലാഹു അദ്ദേഹത്തിന് നല്ല മനസ്സ് നൽകിയിരുന്നു. ശഹാദത്തിനായിരിക്കും ഇത്രയും നല്ല മനസ്സ് നൽകിയിട്ടുണ്ടാകുക. കുട്ടികളോട് ഒരിക്കലും ദേഷ്യം പിടിക്കാറില്ല. ഭാര്യ പറയുന്നു: ശഹാദത്തിന് മുമ്പ് എന്നോട് പറഞ്ഞു; ഷൂ ശരിയാക്കുക. ഞാൻ ഇപ്പോൾ വരാം. എന്നിട്ട് താഴേക്കിറങ്ങി. വെടി വെച്ചതറിഞ്ഞ് ഞങ്ങൾ വീട്ടിൽ നിന്ന് കുട്ടികളോടൊപ്പം പുറത്തേക്ക് വന്ന് അദ്ദേഹത്തെ നോക്കിയപ്പോൾ പുഞ്ചിരിക്കുന്നുണ്ടായിരുന്നു. ഞങ്ങളോട് വിട പറയുന്നതു പോലെയായിരുന്നു അത്. കുറച്ച് കഴിഞ്ഞ് മരിക്കുകയും ചെയ്തു.

കുട്ടികളെ ഒന്നും പറയാറില്ലെങ്കിലും എന്റെ ഖുത്വുബ എം.ടി.എ യിൽ വരുമ്പോൾ അത് കേൾക്കാൻ പറയും. അക്കാര്യത്തിൽ ദേഷ്യം പിടിക്കാറുണ്ടായിരുന്നു. കൃത്യമായി ഖുത്ബ കേൾക്കുമായിരുന്നു. പെൺകുട്ടികളോട് പ്രത്യേക വാത്സല്യമായിരുന്നു.

ഭാര്യ താഹിറ സുഹൂർ ഗ്യാനി സാഹിബയാണ്, മൂന്ന് ആൺകുട്ടികളും നാല് പെൺകുട്ടികളും ഉണ്ട്. ആൺകുട്ടികൾ ഇംറാൻ ഗ്യാനി 20, കാംറാൻ ഗ്യാനി14, സർഫറാസ് 3. പെൺകുട്ടികൾ. നൂറുസ്വബാ 16, നൂറുൽ ഐൻ 14, അത്തിയത്തുൽ മുജീബ് 7, ഫാഇക്കാ സുഹൂർ 5. എന്നിവരാണ് ഇദ്ദേഹത്തിന്റെ സംതപ്ത കുടുംബാംഗങ്ങൾ. അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തട്ടെ. കുട്ടികളെ തന്റെ സംരക്ഷണത്തിൽ വെക്കട്ടെ. ഭാര്യയേയും സംരക്ഷണത്തിൽ വെക്കട്ടെ. ഈ ആഘാതം സഹിക്കാനുള്ള തൗഫീഖ് നൽകട്ടെ.

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

## PRINTED BOOKS

**To**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 August 23 at : Baitul Futuh, UK
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**